ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13-04-2025**

## പ്രധാനവാർത്തകൾ

1. ധർമ്മടം മണ്ഡലത്തെ സംസ്ഥാനത്തെ ആദ്യ അതി ദാരിദ്ര്യ മുക്ത മണ്ഡലമായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു . നവംബർ ഒന്നിന് സംസ്ഥാനം അതിദാരിദ്ര്യമുക്തമാകുമെന്നും മുഖ്യമന്ത്രി.

2. ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, നാളെ രാജ്യമൊട്ടാകെ വിവിധ പരിപാടികൾ.

3. ഓശാന ഞായർ ആചരിച്ച് ക്രൈസ്തവ സമൂഹം , വിശുദ്ധ വാരാചരണത്തിനും ഇന്ന് തുടക്കമായി.

4. വിഷുവിനെ വരവേൽക്കാനൊരുങ്ങി ലോകമെമ്പാടുമുള്ള മലയാളികൾ, ആശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും മറ്റ് പ്രമുഖരും.

5. ഐ . പി . എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് 174 റൺ വിജയലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

RNUTVPM

മുഖ്യമന്ത്രി (ഇൻട്രോ)

*ഈ വർഷം നവംബർ ഒന്നിന് കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ധർമ്മടം നിയോജകമണ്ഡലത്തെ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യമുക്ത മണ്ഡലമായി പ്രഖ്യാപിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കേരളത്തിൽ അതിദരിദ്രർ 64,002 എന്ന് കണ്ടെത്തി അവരെ കുടുംബമായി ഏറ്റെടുത്ത് അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള മൈക്രോ പ്ലാൻ തയ്യാറാക്കിയുള്ള പ്രവർത്തനമാണ് നടത്തിയത്. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു.*

*കൂടുതൽ വിവരങ്ങളുമായി ആകശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....*

*(വോയിസ്)*

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

ഡോ. ബി.ആർ. അംബേദ്കറുടെ

ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135-ാാം ജന്മവാർഷികത്തോടനുബന്ധിച്ച്, നാളെ ന്യൂഡൽഹിയിലെ പാർലമെന്റ് മന്ദിര സമുച്ചയത്തിന് സമീപം പ്രേരണ സ്ഥലിൽ ആഘോഷങ്ങൾ സംഘടിപ്പിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, മന്ത്രിമാർ, പാർലമെൻറംഗങ്ങൾ, തുടങ്ങിയവർ ഉൾപ്പെടെ വിശിഷ്ട വ്യക്തികൾ രാവിലെ ബാബാസാഹേബ് അംബേദ്കറിന് പുഷ്പാർച്ചന നടത്തുന്നതോടെ പരിപാടി ആരംഭിക്കും. തുടർന്ന് ഉച്ച വരെ പൊതുജനങ്ങൾക്ക് പരിപാടിയിൽ പ്രവേശനം ലഭിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

ഗവർണർ - അംബേദ്കർ ജയന്തി

ഭരണഘടനാ ആദർശങ്ങളിലേക്ക് സ്വയം പുനഃസമർപ്പിക്കേണ്ട സമയമാണിതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. ഭരണഘടനാ ശിൽപി ഡോ. ഭീംറാവു റാംജി അംബേദ്കറുടെ ജന്മവാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നെഹ്റു യുവകേന്ദ്ര സംഘടിപ്പിച്ച പദയാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദിനാഘോഷങ്ങളുടെ ഭാഗമായി നാളെ നിയമസഭാ മന്ദിരത്തിന് മുന്നിലുള്ള അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടക്കും. കെ പി സി സി ആസ്ഥാനത്തും ദിനാചരണ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

ഓശാന

യേശുക്രിസ്തു ജറുസലേം നഗരത്തിലേക്ക് പ്രവേശിച്ചതിന്റെ സ്മരണയിൽ ക്രൈസ്തവർ ഇന്ന് ഓശാന ഞായർ ആചരിച്ചു. ക്രിസ്തീയ ദേവാലയങ്ങളിൽ രാവിലെ കുരുത്തോല പ്രദക്ഷിണം ഉൾപ്പെടെ ഭക്തിനിർഭരമായ ചടങ്ങുകൾ നടന്നു. അന്ത്യ അത്താഴത്തിൻറെയും കാൽവരിക്കുന്നിലെ കുരിശുമരണത്തിന്റേയും ഉയിർപ്പു തിരുനാളിൻറെയും വിശുദ്ധവാരാചരണത്തിനും ഇന്ന് തുടക്കമായി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

ഡൽഹി പ്രദക്ഷിണത്തിന് അനുമതി

ഡൽഹി സേക്രഡ് ഹാർട്ട് പള്ളിയിൽ കുരുത്തോല പ്രദക്ഷിണത്തിന് അനുമതി നിഷേധിച്ച ഡൽഹി പോലീസ് നടപടി പ്രതിഷേധാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിൻറെയും മതനിരപേക്ഷമൂല്യങ്ങളുടെയും ലംഘനമാണിതെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു .

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

വി ഡി സതീശൻ

പ്രദക്ഷിണത്തിന് അനുമതി നിഷേധിച്ച നടപടി ജനാധിപത്യ വിരുദ്ധവും മത സ്വാതന്ത്ര്യത്തിൻമേലുള്ള കടന്നു കയറ്റവുമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ

RIJU TVPM

ആരാധനാ അവകാശങ്ങൾ റദ്ദാക്കുന്ന നിലപാട് ഭരണഘടനാ വിരുദ്ധമാണെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു .

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ജോർജ്ജ് കുര്യൻ (ഇൻട്രോ)</u>

<u>*ഡൽഹിയിൽ കുരുത്തോല പ്രദക്ഷിണത്തിന് അനുമതി നിഷേധിച്ചത് സുരക്ഷാ കാരണങ്ങളാലെന്ന് കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ. ഹനുമാൻ ജയന്തിയോടനുബന്ധിച്ചുള്ള ഘോഷയാത്രയ്ക്കും കഴിഞ്ഞ ദിവസം അനുമതി നിഷേധിച്ചിരുന്നു.*</u>

<u>*(വോയിസ്)*</u>

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>സ്നേഹപൂർവ്വം-തീയതി നീട്ടി</u>

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി മന്ത്രി ആർ ബിന്ദു . അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതും നിർദ്ധനരായവരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണ് 'സ്നേഹപൂർവ്വം പദ്ധതി'. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ഐ .പി . .എൽ</u>

RNU TVPM

ഐ .പി . എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് 174 റൺ വിജയലക്ഷ്യം. മറുപടി ബാറ്റിംഗിനിറങ്ങിയ റോയൽ ചലഞ്ചേഴ്സ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 15.1 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 150 റൺ എടുത്തിട്ടുണ്ട്. ഇന്ന് രാത്രി 7 .30 നു നടക്കുന്ന രണ്ടാമത്തെ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് - മുംബൈ ഇന്ത്യൻസിനെ നേരിടും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>വിഷു</u>

വിഷുവിനെ വരവേൽക്കാനൊരുങ്ങി മലയാളികൾ. പ്രധാനക്ഷേത്രങ്ങളിൽ നാളെ പുലർച്ചെ നടക്കുന്ന വിഷുക്കണി ദർശനത്തിനായി ഒരുക്കങ്ങൾ പൂർത്തിയായി. വീടുകളിലും കണിയൊരുക്കങ്ങൾ നടക്കുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

<u>വിഷു ആശംസ</u>

ലോകമെമ്പാടുമുള്ള മലയാളികൾക്ക് വിഷു ആശംസകൾ നേർന്ന് പ്രമുഖർ. വിഷു ഉത്സവം സമൃദ്ധിയുടേയും സംതൃപ്തിയുടേയും ഒരുമയുടേയും ഭാവം കൊണ്ടുവരട്ടെയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ വിഷു ആശംസയിൽ  പറഞ്ഞു.

സമ്പന്നമായ നമ്മുടെ കാർഷിക സംസ്കാരത്തെ വീണ്ടെടുക്കേണ്ടതിൻറെ അനിവാര്യത ഓർമ്മിപ്പിച്ച മുഖ്യമന്ത്രി പിണറായി വിജയൻ, ഒരുമയും ഐക്യബോധവും ഊട്ടിയുറപ്പിക്കുന്നതിൻറെ വിളംബരമാകട്ടെ ഈ വർഷത്തെ വിഷു ആഘോഷങ്ങൾ എന്നാശംസിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>വിഷുക്കണി ദർശനം</u>

ഗുരുവായൂർ ക്ഷേത്രത്തിൽ വിഷുക്കണി ദർശനം നാളെ പുലർച്ചെ 2.45 മുതൽ 3.45 വരെയായിരിക്കും. ക്ഷേത്ര ശ്രീകോവിലിൽ ഗുരുവായൂരപ്പൻറെ വിഗ്രഹത്തിന് വലതുഭാഗത്താണ് വിഷുക്കണി ഒരുക്കുക.

തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നാളെ പുലർച്ചെ മൂന്ന് മണി മുതൽ 4 .30 വരെയാണ് വിഷുക്കണി ദർശനം .

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ശബരിമല</u>

ശബരിമല ക്ഷേത്രത്തിൽ നാളെ പുലർച്ചെ 4 മണി മുതൽ 7 മണിവരെ ഭക്തർക്ക് വിഷു ക്കണി ദർശനത്തിന് അവസരമുണ്ട്. വിഷുക്കണി ദർശനത്തിനുശേഷം മാത്രമേ അഭിഷേകം ഉണ്ടാവുകയുള്ളൂ.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>അപൂർവ രോഗ ചികിത്സാ പദ്ധതി-</u>

അപൂർവ്വ രോഗബാധിതരായ കുഞ്ഞുങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനത്തിനുള്ള കെയർ ചികിത്സാ പദ്ധതിയിലേക്ക് നാളെ വിഷു ദിനം മുതൽ കൈനീട്ടം സ്വീകരിച്ച് തുടങ്ങുമെന്ന് മന്ത്രി വീണാജോർജ്ജ്. 12 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കോടികൾ ചെലവ് വരുന്ന ഇത്തരം ചികിത്സകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്നതാണ് ലക്ഷ്യം.

RJNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>കാലാവസ്ഥ_</u>

സംസ്ഥാനത്ത് ഇന്ന് മുതൽ അഞ്ചു ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയെന്ന് മുന്നറിയിപ്പ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>IMD-കള്ളക്കടൽ പ്രതിഭാസം</u>

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ രാത്രി വരെ തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ പൂവാർ വരെയും കന്യാകുമാരി തീരത്തും ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിയ്ക്കണമെന്നും നിർദ്ദേശം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>കോഴിക്കോട് ലഹരിവേട്ട</u>

കോഴിക്കോട് , പിക്കപ്പ് വാനിൽ വിൽപനക്കായി കൊണ്ടു വന്ന കഞ്ചാവുമായി കാസർകോഡ് ബദിയടുക്ക സ്വദേശികളായ രണ്ട് പേരെ കോഴിക്കോട് സിറ്റി നാർക്കോട്ടിക് സെല്ലിന്റെ നേതൃത്വത്തിലുള്ള ഡാൻസാഫ് ടീമും ചേവായൂർ പോലീസും ചേർന്ന് പിടികൂടി. വിഷു ,ഈസ്റ്റർ ആഘോഷങ്ങളുടെ ഭാഗമായി നഗരത്തിലേക്ക് എത്തിച്ച എട്ട് ലക്ഷം രൂപയുടെ കഞ്ചാവാണ് പിടിച്ചെടുത്തത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ഓപ്പറേഷൻ ഡി-ഹണ്ട്:</u>

ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 177 കേസുകൾ രജിസ്റ്റർ ചെയ്തു. 195 പേർ അറസ്റ്റിലായി .

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>മൃതദേഹം കണ്ടെത്തി</u>

വളാഞ്ചേരി അത്തിപ്പറ്റയിൽ ആൾതാമസം ഇല്ലാത്ത വീട്ടിലെ വാട്ടർ ടാങ്കിൽ സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. അത്തിപ്പറ്റ സ്വദേശിനി ഫാത്തിമയാണ് മരിച്ചതെന്ന് പൊലീസ് സ്ഥിരീകരിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>മന്ത്രി നിതിൻ ഗഡ്കരി</u>

RNUTVPM

രാജ്യത്തുടനീളമുള്ള ഹൈവേകൾ ശക്തിപ്പെടുത്തുന്നതിനായി അടുത്ത രണ്ട് വർഷത്തിനുള്ളിൽ 10 ലക്ഷം കോടി രൂപ നിക്ഷേപിക്കാൻ സർക്കാർ പദ്ധതിയിടുന്നതായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ദുർഘടമായ ഭൂപ്രകൃതിയും അയൽ രാജ്യങ്ങളുമായുള്ള അതിർത്തികളുടെ സാമീപ്യവും കണക്കിലെടുത്ത് വടക്കുകിഴക്കൻ മേഖലയിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അടിയന്തര ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു. കിഴക്കൻ സംസ്ഥാനങ്ങളിൽ മൂന്ന് ലക്ഷത്തി എഴുപതിനായിരം കോടി രൂപയിലധികം ചെലവിൽ 784 ഹൈവേ പദ്ധതികൾ നടപ്പിലാക്കുമെന്നും 21,300 കിലോമീറ്ററിലധികം വരുന്ന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$

$$$$$

RNU TVPM